# പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4837 27.06.2014-ൽ മറുപടിയ്ക്ക്

### കേരള തദ്ദേശഭരണ സേവന പ്രദാന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ.എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ. പി.സി ജോർജ്ജ്<br>ഡോ.എൻ. ജയരാജ് | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) കേരള തദ്ദേശഭരണ സേവന പ്രദാന പദ്ധതി എന്നാണ് നിലവിൽ വന്നത്; ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) കേരള തദ്ദേശഭരണ സേവനപ്രദാന പദ്ധതി (കെ.എൽ.ജി.എസ്.ഡി.പി) യുടെ കരാർ 04.07.2011-ലാണ് ഒപ്പു വച്ചത്. അധികാര വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ കേരളം കൈവരിച്ച നേട്ടങ്ങളെ അടുത്ത തലത്തിലേയ്ക്കുയർത്തുന്നതിന്റെ ഭാഗമായി, വികേന്ദ്രീകരണപ്രക്രിയ വ്യവസ്ഥാപിതമാക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതും ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ ലോകബാങ്ക് സഹായത്തോടെ രൂപം കൊടുത്തിരിക്കുന്ന പദ്ധതിയാണ് കേരള തദ്ദേശഭരണ സേവന പ്രദാന പദ്ധതി |
| (ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുകയായി നടപ്പു സാമ്പത്തിക വർഷം നിശ്ചയിച്ചിട്ടുള്ളത് എത്രയാണ്; | (ബി) 2014-15 ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള **367.42 കോടി** രൂപയും അധിക വകയിരുത്തലിനായി ആവശ്യപ്പെട്ടിട്ടുള്ള **105 കോടി** രൂപയും ഉൾപ്പെടെ **472.42 കോടി** രൂപയാണ് പ്രസ്തുത പദ്ധതിയുടെ 2014-15 ലെ അടങ്കൽ തുക. |
| (സി) പ്രസ്തുത പദ്ധതി നിലവിൽ വന്നതിനുശേഷം തദ്ദേശ ഭരണ സംവിധാനത്തിന്റെയും സ്ഥാപനത്തിന്റെയും നൈപുണ്യ വർദ്ധനവിന് ക്രിയാത്മകമായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ സാധിച്ചു; വ്യക്തമാക്കുമോ? | (സി) പ്രസ്തുത പദ്ധതി നിലവിൽ വന്നതിനു ശേഷം തദ്ദേശഭരണ സംവിധാനത്തിന്റെയും സ്ഥാപനത്തിന്റെയും നൈപുണ്യ വർദ്ധനവിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.<br><br>1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവന പ്രദാന നിലവാരം മെച്ചപ്പെടുത്താനുള്ള ആസ്തികൾ സൃഷ്ടിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി 2013-14 വരെ **693 കോടി രൂപ** വിതരണം ചെയ്തിട്ടുണ്ട്. |

2. കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ ആദ്യമായി എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ബ്രഹത്തായ വാർഷിക പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടുണ്ട്.

3. പ്രസ്തുത പദ്ധതി പ്രകാരമുള്ള പെർഫോമൻസ് ഗ്രാന്റ് കൊടുക്കുന്നതിനായി ലോക്കൽ ഫണ്ട് ഓഡിറ്ററുടെ ക്ലീൻ ഓഡിറ്റ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിരുന്നതുകൊണ്ട് ഗ്രാമ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കണക്കുകളിലെ കുടിശ്ശിക അവസാനിക്കുകയും ഇപ്പോൾ കണക്കുകൾ കൃത്യമായി സൂക്ഷിച്ചു വരികയും ചെയ്യുന്നുണ്ട്.

4. പഞ്ചായത്തുകളെ ഡബിൾ എൻട്രി അക്കൗണ്ടിംഗ് പ്രക്രിയയിൽ സഹായിക്കുന്നതിനായി 152 ഐ.റ്റി-കം-അക്കൗണ്ട്സ് വിദഗ്ധരെ ഈ പ്രോജക്ടിന്റെ ഭാഗമായി ബ്ലോക്ക് തലത്തിൽ വിന്യസിച്ച് അക്കൗണ്ടിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നുണ്ട്.

5. തദ്ദേശഭരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബഡ്ജറ്റ്, ഓഫീസ് മാനേജ്മെന്റ്, ആസ്തികളുടെ പരിപാലനം, പ്രൊക്യൂർമെന്റ് തുടങ്ങിയ വിഷയങ്ങളിലുള്ള മാനുവലുകൾ പ്രസ്തുത പദ്ധതിയുടെ ഭാഗമായി തയ്യാറാക്കി വരുന്നുണ്ട്.

6. തദ്ദേശഭരണ സേവന പ്രദാന പദ്ധതിയെക്കുറിച്ചുള്ള അറിവ്, പ്രൊക്യൂർമെന്റ് നടപടികൾ, പാരിസ്ഥിതിക സാമൂഹിക പരിപാലനം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന വിലയിരുത്തൽ പ്രക്രിയ നടപ്പിലാക്കുന്നത് എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**